അച്ചടിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. 15-5-2015-നകം അച്ചടി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്.-ൽനിന്നും അറിയിച്ചതിനെ തുടർന്ന് 60 ലക്ഷത്തോളം പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് നിർദ്ദേശം നൽകുകയും 15-6-2015-ഓടെ 12 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 10 ലക്ഷം പുസ്തകങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും ബാക്കി പുസ്തകങ്ങൾ മുഴുവനും കെ.ബി.പി.എസ്-ൽ അച്ചടിക്കുകയും ഒന്നാംവാല്യം പാഠപുസ്തകങ്ങൾ 20-7-2015 ൽ വിതരണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാംവാല്യം പുസ്തകങ്ങൾ കെ.ബി. പി.എസ്-ൽ തന്നെ 25-10-2015 നകം അച്ചടിച്ച് പൂർത്തിയാക്കി 30-10-2015 നകം ഇൻഡന്റ് പ്രകാരമുള്ള വിതരണം ക്രമീകരിച്ചിരുന്നു. ഇൻഡന്റിന്റെ അപാകതയും മറ്റും പരിശോധിച്ച് 7-11-2015-നകം മുഴുവൻ സൊസൈറ്റികളിലേയ്ക്കുമുള്ള പുസ്തകങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ഡി) കെ.ബി.പി.എസ്. വീഴ്ച വരുത്തിയതായി വിദ്യാഭ്യാസ വകുപ്പ് പരാമർശിച്ചിട്ടില്ല എന്ന് കെ.ബി.പി.എസ്. സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി

20 (*140) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈകല്യ നിവാരണത്തിനായി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വൈകല്യങ്ങൾ ഉണ്ടാകുന്നത് പ്രതിരോധിക്കൽ, വൈകല്യങ്ങൾ കഴിവതും നേരത്തെ കണ്ടുപിടിക്കൽ, ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ അവരെ സഹായിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. എം.എം.ആർ. പ്രതിരോധ കുത്തിവയ്പ് :

മംപ്സ്, മീസിൽസ്, റുബെല്ല എന്നീ വൈറസുകൾ ബാധിക്കുന്നതുമൂലം കുട്ടികൾക്കുണ്ടായേക്കാവുന്ന വൈകല്യങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ നൽകിവരുന്ന എംഎം.ആർ. പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സിൻ എസ്.ഐ.ഡി.-യാണ് വിതരണം ചെയ്യുന്നത്. നാളിതുവരെ 3,00,000 ഡോസ് വാക്സിനുകൾ ഇതിനായി നൽകിയിട്ടുണ്ട്.

2. റുബെല്ലാ വാക്സിനേഷൻ :

ഗർഭിണികളിൽ റുബെല്ലാ വൈറസ് ബാധിക്കുകയാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് വൈകല്യങ്ങൾ ഉണ്ടാകവാനുള്ള സാധ്യത തടയുന്നതിനായി സംസ്ഥാനത്തെ എയിഡഡ്/സർക്കാർ സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരോഗ്യവകുപ്പ് നടത്തുന്ന റുബെല്ലാ വാക്സിനേഷന് ആവശ്യമായ വാക്സിൻ എസ്.ഐ.ഡി.-യാണ് ലഭ്യമാക്കുന്നത്. നാളിതുവരെ 544692 പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിൻ നൽകിയിട്ടുണ്ട്.

3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡിഇഐസി) :

കുട്ടികളിലെ വളർച്ചാ വൈകല്യവും അനുബന്ധപ്രശ്നങ്ങളും നേരത്തെ തന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 14 ജില്ലകളിലും ആരോഗ്യ വകുപ്പ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി സ്ഥലം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

4. നവജാത ശിശുക്കളുടെ കേൾവി പരിശോധന :

കേൾവി സംബന്ധമായ വൈകല്യം വളരെ നേരത്തെ തന്നെ കണ്ടെത്താൻ കഴിയുന്നതാണ്. ഇതിനായി കുട്ടികൾ ജനിച്ചാൽ ഉടൻ തന്നെ കേൾവിവൈകല്യം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഓട്ടോ അകൂസ്റ്റിക് എമിഷൻ സ്ക്രീനേഴ്സ് (OAE) കേരളത്തിലെ 40 സർക്കാർ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5. പ്രതീക്ഷാ പദ്ധതി

മലപ്പുറം ജില്ലാ പഞ്ചായത്ത്, വൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന ഏർലി ഇന്റർവെൻഷൻ പദ്ധതിയായ പ്രതീക്ഷാ പദ്ധതിക്ക് കുട്ടികളെ സെന്ററുകളിൽ എത്തിക്കുവാൻ 10 വാഹനങ്ങൾ വാങ്ങുന്നതിന് 20 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. സമാനമായ പദ്ധതികൾ നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തുകൾക്ക് വാഹനത്തിന്റെ വിലയുടെ 70% (പരമാവധി രണ്ട് ലക്ഷം രൂപ ഒരു വാഹനത്തിന്) എസ്.ഐ.ഡി. ഫണ്ടിൽനിന്നും നൽകുവാൻ തീരുമാനമായിട്ടുണ്ട്.

6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് :

വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന വളർച്ചാ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പൈലറ്റ് പദ്ധതി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുവാൻ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസിനെ (IMHANS) ചുമതല പെടുത്തിയിട്ടുണ്ട്. ഇതിനായി 43,13,584 രൂപ ഇംഹാൻസിന് അനുവദിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതി വിലയിരുത്തിയ ശേഷം ആവശ്യമായ ഭേദഗതികളോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

7. ഓട്ടിസം

ഓട്ടിസം നേരത്തെ കണ്ടെത്തുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി ഓട്ടിസം ബാധിതരായ കുട്ടികളുടെ രക്ഷിതാക്കളെയും വിദഗ്ധരേയും പങ്കെടുപ്പിച്ച കൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലകളിലും ഓട്ടിസം ബാധിതരായ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും സഹായിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും റിസോഴ്സ് ആന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.